പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :1391 22/3/2013-ൽ മറുപടിക്ക്

മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ .കെ .സി ജോസഫ്<br>ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കുമോ; | (എ) | മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നൽകണമെന്ന ആവശ്യം ഉന്നയിച്ച് ഇതിനായി രൂപീകരിച്ച ഉപദേശകസമിതിയുടെ റിപ്പോർട്ട് സഹിതം 15/01/2011ൽ ബഹു:പ്രധാനമന്ത്രിക്ക് നേരിട്ട് ഒരു നിവേദനം സമർപ്പിച്ചിരുന്നു.ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്നതിനുള്ള എല്ലാ അർഹതകളും മലയാളത്തിന് ഉണ്ടെന്ന് തെളിവ് സഹിതം ഈ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.സംസ്ഥാന സർക്കാർ സമർപ്പിച്ച ഈ റിപ്പോർട്ട് കേന്ദ്രസർക്കാർ ഒരു വിദഗ്ധസമിതിയെക്കൊണ്ട് പരിശോധിപ്പിച്ചാണ് അന്തിമതീരുമാനം കൈക്കൊള്ളുന്നത്.എന്നാൽ ഈ സമിതി ശ്രേഷ്ഠപദവി ലഭിക്കുന്നതിന് ആവശ്യമായ പഴക്കം മലയാളഭാഷയ്ക്ക് ഇല്ലായെന്ന നിഗമനം സ്വീകരിച്ചതായി അറിഞ്ഞതിനെത്തുടർന്ന് ആയത് സമഗ്രമായ പരിശോധനയുടെ അഭാവത്തിലാണ് എന്ന് സർക്കാർ മനസ്സിലാക്കുകയും ശ്രേഷ്ഠഭാഷാ പദവിക്കായി സംസ്ഥാനത്തിന്റെ വാദഗതികൾ അവതരിപ്പിക്കാൻ വീണ്ടും അവസരം നല്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.<br>കേന്ദ്ര സാഹിത്യ അക്കാഡമിയുടെ സമിതി ഈ വിഷയം വീണ്ടും പരിഗണനയ്ക്കെടുത്തപ്പോൾ,സംസ്ഥാനത്തെ പ്രതിനിധീകരിച്ച് മലയാളം സർവ്വകലാശാല വൈസ് ചാൻസലർ ശ്രീ.കെ.ജയകുമാർ,ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ,ഡോ.ബി.ഗോപിനാഥൻ നായർ എന്നിവർ പങ്കെടുത്തു.മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നല്കണമെന്ന് സമിതി കേന്ദ്രഗവൺമെന്റിന് ശുപാർശ നൽകിയിട്ടുണ്ട്.എന്നാൽ ഇതു സംബന്ധിച്ച ഔദ്യോഗിക അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | ഇതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം;വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിക്കുമ്പോൾ അത് ഭാഷയുടെയും സാഹിത്യത്തിന്റെയും പുരോഗതിക്കും വികാസത്തിനും ഉതകും.കേന്ദ്ര സർവ്വകലാശാലകളിൽ മലയാളത്തിന് ചെയറുകൾ ഉണ്ടാവുകയും രാജ്യാന്തര അവാർഡുകൾക്ക് മലയാള രചനകൾ പരിഗണിക്കപ്പെടുകയും ചെയ്യും. |
| (സി) | മലയാള ഭാഷയുടെ വികസനത്തിനും ഗവേഷണത്തിനുമായി എന്തെല്ലാം ധനസഹായങ്ങളാണ് ഇതു മൂലം സംസ്ഥാനത്തിന് ലഭിക്കുന്നത്;വിശദമാക്കുമോ; | (സി) യും (ഡി) യും | മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാപദവി നൽകിയ കേന്ദ്രസർക്കാർ ഉത്തരവ് ലഭിച്ചിട്ടില്ല.ആയതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല. |
| (ഡി) | മലയാള ഭാഷയ്ക്കായി ഏതെല്ലാം കേന്ദ്രങ്ങളാണ് ദേശീയ തലത്തിൽ സ്ഥാപിക്കപ്പെടുന്നത്;വിശദാംശങ്ങൾ അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ